# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **5937**

08/07/2013 - ലെ മറുപടിയ്ക്ക്

## കൃഷിനാശം സംഭവിക്കുന്നവർക്ക് നൽകുന്ന സഹായങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിക്കുന്നവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; (ബി) സഹായ തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) & (ബി) | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്ന് ചെറുകിട നാമമാത്ര കർഷകർക്ക് (2 ഹെക്ടർ വരെ കൃഷി ഭൂമിയുള്ളവർക്ക്) നഷ്ട പരിഹാരം അനുവദിക്കുന്നുണ്ട് ഓരോ വിളയ്ക്കും നൽകി വരുന്ന നഷ്ട പരിഹാരത്തുകയുടെ തോത് അനുബന്ധമായി ചേർത്തിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണനിധിയുടെ ചട്ടങ്ങൾ അനുസരിച്ച് മൂന്ന് ഇഞ്ചിൽ കൂടുതൽ മണ്ണൊലിപ്പ് ഉണ്ടാവുകയാണെങ്കിൽ ഹെക്ടറിന് 8100/- രൂപയും, ഉരുൾപൊട്ടൽ, നദികൾ ദിശമാറി ഒഴുകുന്നത് എന്നിവ മൂലം കൃഷിഭൂമിയുടെ ഭൂരിഭാഗവും നഷ്ടപ്പെട്ടാൽ ഹെക്ടറിന് 25,000/- രൂപയും ചെറുകിട നാമമാത്ര കർഷകർക്ക് നൽകുന്നുണ്ട്. 50 ശതമാനത്തിലധികം കൃഷിനശിച്ചാൽ മഴയെ ആശ്രയിച്ച് ചെയ്യുന്ന കൃഷിയ്ക്ക് ഹെക്ടറിന് 3,000/- രൂപയും ജലസേചനത്തെ ആശ്രയിച്ച് ചെയ്യുന്ന കൃഷിയ്ക്ക് ഹെക്ടറിന് 6,000/- രൂപയും ദീർഘകാല വിളകൾക്ക് ഹെക്ടറിന് 8,000/- രൂപയും ധനസഹായം നൽകി വരുന്നു. |
| (സി) ഇവർ അപേക്ഷ നൽകേണ്ടത് എവിടെയാണെന്നും എന്തെല്ലാം രേഖകൾ സമർപ്പിക്കണമെന്നും വെളിപ്പെടുത്തുമോ? | (സി) | പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും, സഹായം ലഭിക്കാനുള്ള അപേക്ഷാ ഫാറം കൃഷി ഭവനിൽ ലഭ്യമാണ്. കൃഷിനാശം ഉണ്ടായി 10 ദിവസത്തിനകം പ്രസ്തുത ഫോമിൽ കൃഷി ഭവനിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം കൃഷിനാശം സംഭവിച്ചതിന്റെ ഫോട്ടോ, കൃഷി-വില്ലേജ് ഓഫീസർമാരുടെ സംയുക്ത സാക്ഷ്യപത്രം, പാട്ടകൃഷിയാണ് നശിച്ചു പോയതെങ്കിൽ പാട്ടകൃഷി കരാർ, കൃഷിയിടത്തിന്റെ കരമടച്ച രസീതിന്റെ കോപ്പി, തിരിച്ചറിയൽ രേഖയുടെ കോപ്പി എന്നിവ കൃഷിഭവനിൽ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| വിള | നഷ്ടപരിഹാര തുക |
|---|---|
| നെല്ല് (ഹെക്ടറിന്) | 1,0000 |
| തെങ്ങ് (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 700 |
| തെങ്ങ് (കായ്ഫലമില്ലാത്തത് 1 എണ്ണത്തിന്) | 350 |
| തെങ്ങ് (ഒരു വർഷം വരെ പ്രായമായത് 1 എണ്ണത്തിന്) | 100 |
| വാഴ കുലച്ചത് (1 എണ്ണത്തിന്) | 100 |
| വാഴ കുലയ്ക്കാത്തത് (1 എണ്ണത്തിന്) | 75 |
| റബ്ബർ ടാപ്പ് ചെയ്യുന്നത് (1 എണ്ണത്തിന്) | 300 |
| റബ്ബർ ടാപ്പ് ചെയ്യാത്തത് (1 എണ്ണത്തിന്) | 200 |
| കശുമാവ് (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 150 |
| കശുമാവ് (കായ്ഫലമില്ലാത്ത മൂന്നു വർഷത്തിൽ കൂടുതൽ പ്രായമുള്ളത് 1 എണ്ണത്തിന്) | 100 |
| കമുക് (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 150 |
| കമുക് (കായ്ഫലമില്ലാത്തത് 1 എണ്ണത്തിന്) | 100 |
| കൊക്കോ (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 100 |
| കാപ്പി (1 എണ്ണത്തിന്) | 100 |
| കുരുമുളക് (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 75 |
| ഇഞ്ചി (10 സെന്റിന്) | 150 |
| മഞ്ഞൾ (10 സെന്റിന്) | 120 |
| മരച്ചീനി (25 സെന്റിന്) | 150 |
| നിലക്കടല (ഹെക്ടറിന്) | 2,000 |
| എള്ള് | 1,200 |
| പച്ചക്കറി (10 സെന്റിന്) | 200 |
| ജാതി (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 400 |
| ജാതി (കായ്ഫലമില്ലാത്തത് 1 എണ്ണത്തിന്) | 150 |
| ഗ്രാമ്പൂ (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 200 |
| ഗ്രാമ്പൂ (കായ്ഫലമില്ലാത്തത് 1 എണ്ണത്തിന്) | 100 |
| ഏലം (ഹെക്ടറിന്) | 2,500 |
| വെറ്റില (1 സെന്റിന്) | 300 |
| പയറുവർഗ്ഗങ്ങൾ ഹെക്ടറിന് | 1,000 |
| കിഴങ്ങുവർഗ്ഗങ്ങൾ (ചേമ്പ്, ചേന തുടങ്ങിയവ 10 സെന്റിന്) | 150 |
| കരിമ്പ് (ഹെക്ടറിന്) | 2,500 |
| കൈതച്ചക്ക (10 സെന്റിന്) | 750 |
| തീറ്റപ്പുല്ല് (10 സെന്റിന്) | 150 |
| മൾബറി (50 സെന്റിന്) | 750 |
| പുകയില (10 സെന്റിന്) | 1,500 |
| പരുത്തിച്ചെടി (10 സെന്റിന്) | 300 |

സെക്ഷൻ ഓഫീസർ